Youth Kerala Express യൂത്ത് കേരള എക്സ്പ്രസ്

യൂത്ത് ക്ലബ്ബുകളും കോളേജ് യൂണിയനുകളും
നടത്തുന്ന ഗുണകരമായ പ്രവർത്തനങ്ങൾ
പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുക
എന്നതാണ് യൂത്ത് കേരള എക്സ്പ്രസിലൂടെ ലക്ഷ്യമിടുന്നത്.

**പരിസ്ഥിതി പ്രവർത്തനം, വനിതാ ശാക്തീകരണം, സാമൂഹിക സേവനവും ബോധവൽക്കരണവും, സാംസ്കാരികം, സ്പോർട്സ്** എന്നീ 5 വിഭാഗങ്ങളിൽ ക്ലബ്ബുകൾ നടത്തുന്ന പ്രവർത്തനങ്ങളാണ് വിലയിരുത്തപ്പെടുന്നത്. മേൽപ്പറഞ്ഞ 5 മേഖലകളിലെയും പ്രവർത്തനങ്ങളെ ഒരുമിച്ചു വിലയിരുത്തിയാണ് മികച്ച കോളേജ് യൂണിയനുകളെ തെരഞ്ഞെടുക്കുന്നത്.

## സമ്മാനഘടന

പ്രാഥമിക റൗണ്ടിൽ തെരഞ്ഞെടുക്കപ്പെടുന്ന 100 ക്ലബ്ബുകൾക്കും 24 കോളേജ്യൂണിയനുകൾക്കും ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ ഉണ്ടായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ക്ലബ്ബുകൾക്ക് തയ്യാറെടുപ്പുകൾക്കായി **20,000 രൂപ** വീതം യുവജനക്ഷേമ ബോർഡ് സാമ്പത്തിക സഹായം നൽകും. പ്രസ്തുത 100 ക്ലബ്ബുകളെയും 24 കോളേജ് യൂണിയനുകളെയും 3 സോണലുകളായി തിരിച്ച് സോണൽ മത്സരങ്ങൾ സംഘടിപ്പിക്കും. സോണൽ മത്സരങ്ങൾക്ക് മുന്നോടിയായി ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ ഉണ്ടായിരിക്കും. സോണൽ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് **50,000, 25,000, 10,000** എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകൾ നൽകും. സോണൽ മത്സരത്തിലെ വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ഫൈനൽ മത്സരത്തിന് മുന്നോടിയായിട്ടുള്ള ബ്രെയിൻ സ്റ്റോമിംഗ് സെഷൻ സംഘടിപ്പിക്കും. ഫൈനൽ മത്സരങ്ങളിൽ വിജയികളാകുന്ന ക്ലബ്ബുകൾക്ക് **2,00,000, 1,00,000, 50,000** എന്നീ ക്രമത്തിലും കോളേജ് യൂണിയനുകൾക്ക് **1,00,000, 50,000, 25,000** എന്നീ ക്രമത്തിലും ക്യാഷ് അവാർഡുകൾ നൽകുന്നു. ഫൈനൽ മത്സരം റിയാലിറ്റി ഷോയിലൂടെ പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കപ്പെടും. ഇതിനായി ഏതെങ്കിലും ദൃശ്യമാധ്യമവുമായി സഹകരിക്കും.

## നിയമാവലി

1. ഫൈനൽ മത്സരത്തിനായി തെരഞ്ഞെടുക്കുന്ന സോണൽ മത്സര വിജയികളുടെ സമ്മാനം ഫൈനൽ മത്സര വേദിയിൽ മാത്രമേ നൽകുകയുള്ളൂ. ഫൈനൽ മത്സരങ്ങളിൽ പങ്കെടുക്കാതിരുന്നാൽ സെമിഫൈനൽ മത്സരത്തിന്റെ ക്യാഷ് പ്രൈസ് നൽകുന്നതല്ല.

2. പ്രാഥമിക റൗണ്ടിൽ തെരഞ്ഞെടുക്കുന്ന ക്ലബ്ബുകളും കോളേജ് യൂണിയനുകളും സെമി ഫൈനൽ റൗണ്ട് മത്സരങ്ങളിൽ നിർബന്ധമായും ഉണ്ടായിരിക്കണം. സെമിഫൈനൽ മത്സരത്തിൽ പങ്കെടുത്തതിനു ശേഷമേ സാമ്പത്തിക സഹായം അനുവദിക്കുകയുള്ളൂ.

3. പ്രാഥമിക റൗണ്ടിൽ തെരഞ്ഞെടുക്കപ്പെടുന്ന ക്ലബ്ബുകൾക്കും കോളേജ് യൂണിയനുകൾക്കും ജൂറി കമ്മറ്റിയുടെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ സോണൽ ഫൈനൽ മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. (ഉദാഹരണം- വസ്ത്രം, യുവതീ യുവാക്കളുടെ പങ്കാളിത്തം, മത്സരാർത്ഥികളുടെ എണ്ണം, പ്രായം തുടങ്ങിയവ)

4. ജൂറി കമ്മിറ്റിക്ക്, വിജയികളെ തെരഞ്ഞെടുക്കുന്നതിൽ സ്വതന്ത്രമായ തീരുമാനം കൈക്കൊള്ളുവാൻ അധികാരമുണ്ടായിരിക്കും.

5. മത്സരാർത്ഥികളുടെ പ്രാതിനിധ്യ കുറവ്, ഗുണനിലവാരമില്ലായ്മ, മറ്റ് കാരണങ്ങൾ എന്നിവമൂലം മത്സര ഇനങ്ങൾ ഒഴിവാക്കാനുള്ള പൂർണ്ണ അധികാരം ജൂറിക്കുണ്ടായിരിക്കും.

5. മത്സരവുമായി ബന്ധപ്പെട്ട നിയമാവലിയിൽ മാറ്റം വരുത്തുവാൻ സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും.